DESPATCHED
On 18/11/24....



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

ഹർജി നമ്പർ **CP No. 990(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 16856/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സുനിൽ. വി,
ചിറ്റുവേലിക്കകം,
സൗത്ത് ആര്യാട്,
ആലപ്പുഴ. } പരാതി ഹർജിക്കാരൻ

Vs

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചന വിഭാഗം, 2-ാം നില,
മിനി സിവിൽസ്റ്റേഷൻ, ആലപ്പുഴ-688 013.

2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം,
ഇറിഗേഷൻ സബ്ബ് ഡിവിഷൻ,
ആലപ്പുഴ. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 10/07/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30/07/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04/09/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04/09/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 18/10/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 21/10/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/12/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 13/10/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. സുനിൽ. വി, 18/10/2019 തീയതി സമർപ്പിച്ച പരാതി ഹർജി 21/10/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 990(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. 10/07/2019-ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ആലപ്പുഴ നഗരത്തിലെ കനാൽ നവീകരണത്തിനുള്ള ചുമതല ഏതു കമ്പനി/സ്ഥാപനമാണ് ഏറ്റെടുത്ത് നടത്തി വരുന്നതെന്നും, എത്ര കോടി രൂപയാണ് ആകെ ചെലവ്, പ്രവൃത്തികൾ എത്ര കാലത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും കനാൽ നവീകരണത്തിനുള്ള പ്രവൃത്തികൾക്ക് കരാർ ക്ഷണിച്ചിരുന്നോ എന്നും, ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുകയെന്നും, എത്ര കിലോ മീറ്റർ ദൂരത്തിലാണ് നവീകരണം നടത്തുന്നതെന്നും കനാലുകളുടെ പേരു വിവരങ്ങൾ ലഭ്യമാക്കുകയെന്നും കരാർ ക്ഷണിക്കാതെയാണ് പ്രവൃത്തികൾ നൽകിയതെങ്കിൽ കാരണം വ്യക്തമാക്കണെമെന്നും സ്ഥാപനം/കമ്പനി-യെ തിരഞ്ഞെടുത്തതിനുള്ള മാനദണ്ഡം വിശദമാക്കണെമെന്നുമാണ്. ഇറിഗേഷൻ വകുപ്പ് മേൽനോട്ടം വഹിച്ച മറ്റേതെങ്കിലും പ്രവൃത്തികൾ ചെയ്തു മുൻ പരിചയമുള്ള സ്ഥാപനം/കമ്പനി ആണോ നവീകരണം നടത്തി വരുന്നതെന്നും ആണെങ്കിൽ പ്രവൃത്തി ഏതായിരുന്നുവെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷികളെ കേട്ടതിലും കമ്മീഷന് ബോധ്യമാകുന്നത്, 10/07/2019-ലെ പരാതി ഹർജിക്കാരന്റെ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 30/07/2019-ൽ മറുപടി നൽകുകയും മറുപടിയിൽ തൃപ്തനാകാതെ 04/09/2019-ന് അപ്പീൽ അപേക്ഷ സമർപ്പിക്കുകയും അന്നു തന്നെ മറുപടി നൽകി എന്ന രണ്ടാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ആയതിന്റെ പകർപ്പ് ഹർജിക്കാരനു അയച്ചുനൽകണമെന്നു രണ്ടാം എതിർകക്ഷിയ്ക്ക് 13/10/2021-ന് നടന്ന ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകുകയുണ്ടായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 ഒക്ടോബർ 26–ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV